# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1745.** | **01/11/2019 -ൽ മറുപടിക്ക്**

## ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിടം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ഡോ.കെ.ടി.ജലീൽ<br>( ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി എത്ര തുക അനുവദിച്ചി ട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 7.84 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിരിക്കുന്നത്. ഇതിൽ 5.77 കോടി രൂപ അക്കാഡമിക് ബ്ലോക്കും, 2.87 കോടി രൂപ ലൈബ്രറി കെട്ടിടത്തിനും, മറ്റ പ്രവർത്തികൾക്കായി 69 ലക്ഷം രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. |
| (ബി) കിഫ്ബി സാമ്പത്തികാ നുമതി നൽകിയിട്ട് എത്ര മാസമായിയെന്ന് വ്യക്ത മാക്കുമോ; ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദ മാക്കാമോ;<br>(സി) സാങ്കേതികാനുമതി നൽകി ഈ പ്രവൃത്തിഎന്ന് തുടങ്ങാനാവുമെന്ന് വിശദമാക്കാമോ? | (ബി) യും (സി) യും | 04.02.2019 ലെ ഉത്തരവ് നമ്പർ HED00719/APR-4/2019 പ്രകാരം 7.84 കോടി രൂപ കിഫ്ബി അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയുടെ എസ്.പി.വി ആയി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെൻഡർ നടപടികൾ നവംബർ അവസാനത്തോടുകൂടി പൂർത്തീകരിച്ച കരാറുകാരനെ നിയമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ